ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 07.11.2024**

## പ്രധാനവാർത്തകൾ

1). **കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. പ്രചാരണത്തിന് ശക്തിപകരാൻ ദേശീയ നേതാക്കളും.**

2). **പാലക്കാട് ഹോട്ടൽ മുറികളിൽ പൊലീസ് പരിശോധന നടത്തിയ സംഭവത്തിൽ തിരഞ്ഞെടുപ്പ് കമ്മിഷന് പരാതി നൽകി പ്രതിപക്ഷ നേതാവ്.**

3). **സംസ്ഥാന സ്കൂൾ കായിക മേളയിൽ മുന്നേറ്റം തുടർന്ന് തിരുവനന്തപുരം ജില്ല. അത്ലറ്റിക്സിൽ ആദ്യ സ്വർണം മലപ്പുറത്തിന്.**

4). **അർബുദ രോഗസാധ്യതാ നിയന്ത്രണം, ചികിത്സ എന്നിവ ലക്ഷ്യമിട്ട് ഇന്ന് ദേശീയ അർബുദ അവബോധ ദിനം.**

5). **പ്രസിദ്ധമായ പാലക്കാട് കൽപ്പാത്തി രഥോത്സവത്തിന് കൊടിയേറി.**

6). **ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് ഹൈദരാബാദ് എഫ് സിയെ നേരിടും.**

RNU TVPM

*************************************************************

## രാഷ്ട്രപതി സന്ദർശനം

ഗോവയിൽ സന്ദർശനത്തിനെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു, നാവിക എയർ സ്റ്റേഷനായ ഐഎൻഎസ് ഹൻസയിൽ ഗാർഡ് ഓഫ് ഓണർ സ്വീകരിച്ചു. തുടർന്ന് ഇന്ത്യൻ നാവിക സേനയുടെ Day at Sea പരിപാടി ശ്രീമതി മുർമു വീക്ഷിക്കും. INS വിക്രാന്തിൽ നിന്നുള്ള നാവിക സേനയുടെ പ്രകടനവും ഇന്നുണ്ടാകും.

****************************************************************

## തിരഞ്ഞെടുപ്പ് - വയനാട്

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി തുടരുന്നു. വയനാട്ടിൽ പ്രിയങ്ക ഗാന്ധിയുടെ പ്രചാരണത്തിനായി ഇന്ന് കോൺഗ്രസ് ദേശീയ അധ്യക്ഷൻ മലികാർജുൻ ഖാർഗെ മണ്ഡലത്തിലെത്തും. ഒളിമ്പ്യനും ഹരിയാന നിയമസഭയിലെ കോൺഗ്രസ് എം.എൽ.എയുമായ വിനേഷ് ഫോഘട്ടും പരിപാടിയിൽ പങ്കെടുക്കും. എൽ.ഡി.എഫ് സ്ഥാനാർത്ഥി സത്യൻ മൊകേരിയുടെ പ്രചാരണം ഇന്ന് തിരുവമ്പാടി മണ്ഡലത്തിലാണ്. എൻഡിഎ സ്ഥാനാർത്ഥി നവ്യ ഹരിദാസിൻറെ പ്രചാരണത്തിനായി കേന്ദ്രമന്ത്രി സുരേഷ് ഗോപിയും മുൻ കേന്ദ്രമന്ത്രി വി മുരളീധരനും വരും ദിവസങ്ങളിൽ മണ്ഡലത്തിൽ എത്തും.

****************************************************************

## തിരഞ്ഞെടുപ്പ് - ചേലക്കര

ചേലക്കര മണ്ഡലത്തിൽ യുഡിഫ് സ്ഥാനാർഥി രമ്യ ഹരിദാസിൻറെ ഇന്നത്തെ മണ്ഡല പര്യടനം ആരംഭിച്ചു. ചെറുകിട വനിതാ വ്യാവസായ യൂണിറ്റുകളിൽ കേന്ദ്രീകരിച്ചതാണ് പര്യടനം. എൽ.ഡി.എഫ് സ്ഥാനാർഥി യു.ആർ പ്രദീപ് ഇന്ന് മണ്ഡലത്തിൽ മൂന്നാം ഘട്ട സ്വീകരണ

PNU TVPM

പരിപാടിയിൽ പങ്കെടുക്കും. NDA സ്ഥാനാർത്ഥി കെ.ബാലകൃഷ്ണന് വേണ്ടി തിരുവില്ലാമല ടൗണിൽ ഇന്ന് നടക്കുന്ന തെരഞ്ഞെടുപ്പ് പൊതുയോഗം മേജർ രവി ഉദ്ഘാടനം നിർവഹിക്കും.
*****************************************************************

**തിരഞ്ഞെടുപ്പ് - പാലക്കാട്**

പാലക്കാട് നിയമസഭ മണ്ഡലം ഉപതെരഞ്ഞെടുപ്പ് യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ രാവിലെ കൽപ്പാത്തിയിൽ വോട്ട് തേടി. എൽ.ഡി.എഫ് സ്ഥാനാർഥി പി.സരിൻ നഗരസഭയിലെ കുന്നത്തൂർ മേട്, മണപ്പുള്ളിക്കാവ് എന്നിവടങ്ങളിൽ നിന്നാണ് പ്രചരണം ആരംഭിച്ചത്.

എൻഡിഎ സ്ഥാനാർഥി സി. കൃഷ്ണകുമാർ രാവിലെ കണ്ണാടി പഞ്ചായത്തിലെ ഗൃഹ സമ്പർക്ക പരിപാടികളിൽ പങ്കെടുത്ത് പ്രചരണം നടത്തി.
*****************************************************************

**പാലക്കാട് റെയ്ഡ് - വിഡി സതീശൻ**

പാലക്കാട് കോൺഗ്രസ് വനിതാ നേതാക്കൾ താമസിച്ച മുറികളിൽ നടപടി ക്രമങ്ങൾ പാലിക്കാതെ പോലീസ് റെയ്ഡ് നടത്തിയെന്ന് ആരോപിച്ച് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷന് പരാതി നൽകി. അതേസമയം പാലക്കാട് കള്ളപ്പണ ഇടപാട് നടന്നത് പകൽ പോലെ വ്യക്തമാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. പോലീസിൻറെ അനാസ്ഥയാണ് തൊണ്ടിമുതൽ പിടി കൂടാനാകാത്തതിന് കാരണമെന്നും അദ്ദേഹം ആരോപിച്ചു.
*****************************************************************

RNU TVPM

## തിരഞ്ഞെടുപ്പ് കമ്മീഷൻ-റിപ്പോർട്ട്

പാലക്കാട്  ഉപതെരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്കിടെയുയർന്ന കള്ളപ്പണ ആരോപണങ്ങളിൽ ജില്ലയുടെ തെരഞ്ഞെടുപ്പ് ചുമതലയുള്ള ജില്ലാ കളക്ടറോട് തെരഞ്ഞെടുപ്പ് കമ്മീഷൻ റിപ്പോർട്ട് തേടി. ഹോട്ടൽ മുറികളിലടക്കം നടന്ന പരിശോധനയെ കുറിച്ചും കമ്മീഷൻ റിപ്പോർട്ട് തേടിയിട്ടുണ്ട്.

*******************************************************

## കാൻസർ ബോധവൽക്കരണം - (ഇൻട്രോ)

ഇന്ന് ദേശീയ അർബുദ അവബോധ ദിനം. 2014 മുതൽ എല്ലാ വർഷവും നവംബർ 7 ദേശീയ അർബുദ അവബോധ ദിനമായി ആചരിക്കുന്നു. രോഗസാധ്യതാ നിയന്ത്രണം, ചികിത്സ എന്നിവയെക്കുറിച്ച് സാധാരണക്കാരിൽ അവബോധം സൃഷ്ടിക്കുകയാണ് ദിനാചരണത്തിൻറെ ലക്ഷ്യം. വളരെ നേരത്തെ രോഗം നിർണ്ണയിക്കുന്നതിലൂടെ അർബുദത്തെ എളുപ്പത്തിൽ അതിജീവിക്കാമെന്ന് അർബുദ രോഗ വിദഗ്ധൻ, ഡോക്ടർ ജയാനന്ദ് സുനിൽ ആകാശവാണി വാർത്തകളോട്.....

**(വോയിസ്........)**

*******************************************************

## കായികമേള - അത് ലറ്റിക്സ്

സംസ്ഥാന സ്കൂൾ കായിക മേളയിൽ 351 മത്സരങ്ങൾ പൂർത്തിയായപ്പോൾ പോയിന്റ് പട്ടികയിൽ മേധാവിത്വം തുടർന്ന് തിരുവനന്തപുരം ജില്ല. 858 പോയിൻറുകളാണ് തിരുവനന്തപുരം നേടിയത്. കണ്ണൂർ രണ്ടാം സ്ഥാനത്തും തൃശ്ശൂർ മൂന്നാം സ്ഥാനത്തുമാണ്. അത്ലറ്റിക്സിൽ ആദ്യ സ്വർണം മലപ്പുറം സ്വന്തമാക്കി. സീനിയർ ആൺകുട്ടികളുടെ

RNU TVPM

5000 മീറ്റർ നടത്തത്തിലാണ് മുഹമ്മദ് സുൽത്താൻ സ്വർണം നേടിയത്.

*******************************************************

**<u>ഐ.എസ്.എൽ</u>**

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് ഹൈദരാബാദ് എഫ് സിയെ നേരിടും. രാത്രി 7.30-ന് കൊച്ചിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ എഫ് സി ഗോവ, പഞ്ചാബ് എഫ് സിയെ 2-1 ന് പരാജയപ്പെടുത്തി.

*******************************************************

**<u>കൽപ്പാത്തി - (ഇൻട്രോ)</u>**

പ്രസിദ്ധമായ പാലക്കാട് കൽപ്പാത്തി രഥോത്സവത്തിന് അഗ്രഹാര ക്ഷേത്രങ്ങളിൽ കൊടിയേറി. രഥോത്സവത്തോട് അനുബന്ധിച്ച് പാലക്കാട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദേശീയ സംഗീതോത്സവത്തിനും കൽപ്പാത്തിയിൽ തുടക്കമായി.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി
പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...
(വോയിസ്............)

*******************************************************

**<u>ഹൈക്കോടതി</u>**

ഹേമ കമ്മിറ്റിയുമായി ബന്ധപ്പെട്ട് ഹൈക്കോടതി അഡ്വക്കേറ്റ് മിത സുധീന്ദ്രനെ അമിക്കസ് ക്യൂറിയായി നിയമിച്ചു. കമ്മിറ്റി റിപ്പോർട്ടും, സർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന കരട് നിയമം, മറ്റ് നിർദ്ദേശങ്ങൾ തുടങ്ങിയവ അമിക്കസ് ക്യൂറി ഏകോപിപ്പിക്കും. പ്രത്യേക അന്വേഷണ സംഘത്തിൻറെ അന്വേഷണം മികച്ച രീതിയിൽ മുന്നോട്ടു പോകുന്നുണ്ടെന്ന് കോടതി അഭിപ്രായപ്പെട്ടു. അന്വേഷണ പുരോഗതി റിപ്പോർട്ട്

RNU TVPM

പ്രത്യേക അന്വേഷണസംഘം ഇന്ന് മുദ്രവച്ച കവറിൽ കോടതിയിൽ സമർപ്പിച്ചു.

******************************************************************

<u>**പത്മനാഭ സ്വാമിക്ഷേത്രം**</u>

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ അല്പശി ഉത്സവത്തിൻറെ എട്ടാം ദിവസമായ ഇന്ന് വലിയ കാണിക്ക ചടങ്ങ് നടക്കും. നാളെ പള്ളിവേട്ടയും മറ്റന്നാൾ ആറാട്ടിനും ശേഷം ഉത്സവം കൊടിയിറങ്ങും. ആറാട്ട് ഘോഷയാത്രക്ക് വഴിയൊരുക്കുന്നതിൻറെ ഭാഗമായി മറ്റന്നാൾ വൈകുന്നേരം 4 മുതൽ രാത്രി 9 വരെ വിമാന സർവീസുകൾ നിർത്തിവയ്ക്കുമെന്ന് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം അറിയിച്ചു.

******************************************************************

<u>**ഇടുക്കി വിനോദം - (ഇൻട്രോ)**</u>

മഞ്ഞുകാലം ആരംഭിച്ചതോടെ മൂന്നാറിൽ വിദേശ സഞ്ചാരികളുടെ തിരക്ക് വർധിക്കുന്നു. ട്രക്കിങ് ഉൾപ്പെടെയുള്ള സാഹസിക വിനോദങ്ങൾക്കാണ് വിദേശീയർ മുൻഗണന നൽകുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി
ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....

**(വോയിസ്.........)**

******************************************************************

<u>**വയനാട് - പുഴുവരിച്ച അരി**</u>

വയനാട് ദുരിതബാധിതർക്ക് പുഴുവരിച്ച അരി നൽകിയതായി പരാതി. പഞ്ചായത്ത് കൊടുത്ത കിറ്റിലാണ് പുഴുവിനെ കണ്ടെത്തിയത്. പഞ്ചായത്ത് ഓഫീസ് ഉപരോധം തുടരുകയാണ്. ചൂരൽമലയിലെ കുന്നംപറ്റ നിവാസികൾക്ക്

RNU TVPM

കൊടുത്ത കിറ്റിലാണ് പുഴുവിനെ കണ്ടതായി ആരോപണമുള്ളത്.

*********************************************************

**<u>ജോർജ് കുര്യൻ</u>**

സമുദ്ര മത്സ്യ മേഖലയിൽ ഡ്രോൺ ഉപയോഗത്തിൻറെ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനായി കൊച്ചി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ നാളെ നടക്കുന്ന ബോധവൽക്കരണ ശിൽപശാല കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. കേന്ദ്ര ഫിഷറീസ് മന്ത്രാലയം, ഹൈദരാബാദിലെ നാഷണൽ ഫിഷറീസ് ഡെവലപ്മെൻറ് ബോർഡ്, C.M.F.R.I എന്നിവിടങ്ങളിലെ വിദഗ്ധർ ക്ലാസ്സുകൾ നയിക്കും.

*********************************************************

**<u>വഖഫ് ഭേദഗതി</u>**

വഖഫ് ഭേദഗതി ബില്ലിനെതിരെ സംയുക്ത പ്രമേയം പാസാക്കിയവരാണ് ഇപ്പോൾ മുനമ്പം വിഷയത്തിൽ മുനമ്പത്തെ ജനങ്ങൾക്കൊപ്പമാണെന്ന് പറയുന്നതെന്ന് ബിജെ.പിയുടെ മുതിർന്ന നേതാവും മുൻ കേന്ദ്രമന്ത്രിയുമായ പ്രകാശ് ജാവദേക്കർ. ഇരകൾക്ക് നീതി ലഭിക്കണമെന്നാണ് ബി. ജെ. പി നിലപാടെന്നും അദ്ദേഹം കോഴിക്കോട് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

*********************************************************

**<u>റെയിൽവെ സ്പെഷ്യൽ ട്രെയിൻ</u>**

നാളെ മുതൽ 164 സ്പെഷ്യൽ ട്രെയിനുകൾ സർവീസ് നടത്തുമെന്ന് ഇന്ത്യൻ റെയിൽവേ. അടുത്ത മൂന്ന് ദിവസങ്ങളിൽ 476 ട്രെയിനുകൾ സർവീസ് നടത്തുമെന്നും റെയിൽവേ അറിയിച്ചു. കഴിഞ്ഞ 36 ദിവസങ്ങളിലായി

RNU TVPM

സർവീസ് നടത്തുന്ന 4,521 സ്പെഷ്യൽ ട്രെയിൻ സേവനങ്ങൾ 65 ലക്ഷം യാത്രക്കാർക്ക് പ്രയോജനം ചെയ്യുതായും റെയിൽവേ വ്യക്തമാക്കി.

*********************************************************

## ഓഹരി

രാജ്യത്തെ ഓഹരിവിപണികളിൽ നഷ്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 858 പോയിൻറ് നഷ്ടത്തിൽ 79,520 ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 283 പോയിൻറ് നഷ്ടത്തിൽ 24,197-ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കുറഞ്ഞു. പവന് 1,320 രൂപ കുറഞ്ഞ് 57,600 രൂപയും ഗ്രാമിന് 165 രൂപ കുറഞ്ഞ് 7,200 രൂപയുമാണ് ഇന്നത്തെ വില.

*********************************************************

## വൺ റാങ്ക് വൺ പെൻഷൻ

രാജ്യത്ത് ഒരു റാങ്ക് ഒരു പെൻഷൻ പദ്ധതി നടപ്പാക്കിയിട്ട് ഇന്ന് 10 വർഷം പൂർത്തിയായി. വിരമിച്ച സൈനികർക്ക് തുല്യ പെൻഷൻ നൽകുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര സർക്കാർ പദ്ധതി നടപ്പാക്കിയത്. രാഷ്ട്രത്തെ സംരക്ഷിക്കുന്നതിനായി ജീവൻ സമർപ്പിക്കുന്ന വിമുക്തഭടന്മാരുടെ ധീരതയ്ക്കും ത്യാഗത്തിനുമുള്ള ആദരവാണ് വൺ റാങ്ക് വൺ പെൻഷനെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

*********************************************************

**************************************

***********************

RNUTVPM